LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ പഠനത്തിന് കെ.എസ്.എഫ്.ഇ. മുഖേന ലാപ്ടോപ്പ്

85(5244) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഇ. മുഖേന കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പ് നൽകുന്നത് സർക്കാർ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി മുഖേന ലാപ്ടോപ്പ് വിതരണം ചെയ്യുന്നത് നിർത്തിവച്ചിട്ടില്ല. എന്നാൽ കോവിഡ് സാഹചര്യംമൂലം ലാപ്ടോപ്പ് ഘടകങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ ലാപ്ടോപ്പ് കമ്പനികൾ ലാപ്ടോപ്പ് വിതരണം ചെയ്യുവാൻ വൈകുന്ന സാഹചര്യം നിലവിലുണ്ട്. ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും വിദ്യാശ്രീ പദ്ധതിയിൽ ചേർന്നിട്ടുള്ള ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ ടാബ്ലറ്റ് വാങ്ങി ആയതിന്റെ ഇൻവോയ്സ്/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ലാപ്ടോപ്പിന്റെ / ടാബ്ലറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000 രൂപ ഏതാണോ കുറവ് ആ തുക കെ.എസ്.എഫ്.ഇ വായ്പയായി നൽകുന്നതാണ്.

(ബി) കുട്ടികൾക്ക് നൽകിയ ഉപകരണങ്ങളിൽ കേടായവ നന്നാക്കി ക്കൊടുക്കുന്നതിൽ കമ്പനികൾ വിമുഖത കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

COCONICS കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകളാണ് തകരാറായിട്ടുള്ളതായി അറിയുന്നത്. പരാതികൾ റിപ്പോർട്ട് ചെയ്തതു പ്രകാരം കമ്പനിതന്നെ കേടായ ലാപ്ടോപ്പുകൾ തിരിച്ചെടുക്കുകയും മാറ്റിനൽകുകയും ചെയ്യുന്നുണ്ട്.

(സി) ഇത്തരം കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

തകരാറായ ലാപ്ടോപ്പുകൾ COCONICS കമ്പനി നിലവിൽ തിരിച്ചെടുക്കുന്നുണ്ട്. HP, Lenovo എന്നീ കമ്പനികൾ ജൂലൈ മാസം അവസാനത്തോടുകൂടി വിതരണം ചെയ്യേണ്ട ലാപ്ടോപ്പുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കമ്പനികൾക്കെതിരെ ഉചിതമായ നിയമനടപടി സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലാപ്ടോപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് വിമുഖത കാണിക്കുന്നപക്ഷം കമ്പനിക്കെതിരെ പേമെന്റ് നൽകാത്തതുൾപ്പെടെ ഉചിതമായ നടപടികൾ കെ.എസ്.എഫ്.ഇ.എം.ഡി കൈക്കൊള്ളുന്നതാണ്.